**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - സാമൂഹ്യ സുരക്ഷാ പെൻഷൻ - പ്രാഥമിക കാർഷിക/ മറ്റ് വായ്പാ സംഘങ്ങൾ മുഖേനയുള്ള പെൻഷൻ വിതരണത്തിനായി ബയോമെട്രിക് ഡിവൈസുകൾ ഉപയോഗിക്കുന്നത്- സംബന്ധിച്ച്.

**ധനകാര്യ (എസ് എഫ് സി- ബി) വകുപ്പ്**

**സ.ഉ.(കൈ) നം.99/2022/ധന. തീയതി, തിരുവനന്തപുരം,10.06.2022**

പരാമർശം :- സ ഉ (എം.എസ്.) 324/2016/ധന തീയതി 15.08.2016.

**ഉത്തരവ്**

പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ, മറ്റ് വായ്പ സംഘങ്ങൾ എന്നിവ മുഖാന്തിരം ഗുണഭോക്താവിന്റെ വീട്ടിൽ എത്തിക്കുന്ന വിധത്തിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിയ്ക്ക് പരാമർശ ഉത്തരവു പ്രകാരം സർക്കാർ അംഗീകാരം നൽകുകയുണ്ടായി. എന്നാൽ ഗുണഭോക്താക്കളുടെ വീടുകളിൽ വിതരണം ചെയ്യപ്പെടാത്ത സാമൂഹ്യ സുരക്ഷാ പെൻഷൻ തുക സർക്കാർ നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽ തിരികെ അടവാക്കുന്നതിൽ പ്രാഥമിക കാർഷിക/ മറ്റ് വായ്പാ സംഘങ്ങൾ എന്നിവ വീഴ്ച വരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ, മറ്റ് വായ്പ സംഘങ്ങൾ എന്നിവ മുഖാന്തിരം ഏജന്റുമാർ മുഖേന ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിച്ചുവരുന്ന പെൻഷൻ വിതരണത്തിൽ ബയോ-മെട്രിക് ഓതന്റിക്കേഷൻ നടപ്പിലാക്കുന്നതിനായി പൈലറ്റ് സർവ്വെ നടത്തുന്നതിന് ഉത്തരവാകുന്നു. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ചുവടെ ചേർത്തിട്ടുള്ള 6 സഹകരണ സ്ഥാപനങ്ങളിലാണ് പൈലറ്റ് സർവ്വെ നടത്തേണ്ടത്.

| നം | സഹകരണ സംഘത്തിന്റെ പേര് | ജില്ല |
|---|---|---|
| 1 | നരുവാമൂട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | തിരുവനന്തപുരം |
| 2 | നെടുമങ്ങാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | തിരുവനന്തപുരം |
| 3 | വർക്കല സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | തിരുവനന്തപുരം |
| 4 | പുനലൂർസർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | കൊല്ലം |
| 5 | കരുനാഗപ്പള്ളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | കൊല്ലം |
| 6 | പരവൂർ റീജിയണൽ ബാങ്ക് | കൊല്ലം |

3. സർവ്വേ നടത്തുന്നതിനാവശ്യമായ മേൽ നോട്ടം വഹിക്കുന്നതിന് ധനകാര്യ (ഐ.റ്റി. സിസ്റ്റംസ്) ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. സർവ്വെ രണ്ട് മാസത്തിനുള്ളിൽ പൂർത്തീകരിച്ച് ആയതിന്റെ റിപ്പോർട്ട് ടി സമയപരിധിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ.ബി**
**ജോയിന്റ് സെക്രട്ടറി(ധനകാര്യം)**

പകർപ്പ്:

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് 2), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
ഡയറക്ടർ, ധനകാര്യ(ഐ.റ്റി. സിസ്റ്റംസ്)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ